# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**വിഷയം** :- പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ച ശ്രീ.പി.ജെ.ജെയിംസിന് Earliest Effective Advice അനുവദിച്ച് നൽകിയത് - പ്രവേശന തസ്തികയിലെ സീനിയോറിറ്റി പുന:നിശ്ചയിച്ച് നൽകി ഉത്തരവാകുന്നു.

**പരാമർശം**:- (1) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 08.05.2018 തീയതിയിലെ No. SR IV (2) 1107/01/SW നമ്പർ കത്ത്.

(2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ 05.01.2018 തീയതിയിലെ ഒ.എ.(ഇകെ.എം) 2889/2017 നമ്പർ ഉത്തരവ്.

(3) സർക്കാരിന്റെ 23.06.2018 തീയതിയിലെ ഇപിബി1/193/2018/തസ്വഭവ നമ്പർ കത്ത്.

(4) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 21.12.2012 തീയതിയിലെ No. SR IV (2) 1107/01/SW നമ്പർ കത്ത്.

(5) പഞ്ചായത്ത് ഡയറക്ടറുടെ 25.01.2013 തീയതിയിലെ ഇ11-12271/2002 നമ്പർ ഉത്തരവ്.

(6) സ.ഉ.(സാധ) നമ്പർ 2229/2017/തസ്വഭവ, തീയതി 01.07.2017.

(7) പഞ്ചായത്ത് ഡയറക്ടറുടെ 24.02.2012 തീയതിയിലെ ഇ11-17063/2011 നമ്പർ ഉത്തരവ്.

(8) ജി.ഒ.(ആർറ്റി) നം.6802/01/ജിഎഡി, തീയതി 17.08.2001.

(9) ജി.ഒ.(ആർറ്റി) നം.3407/03/ജിഎഡി, തീയതി 02.05.2003.

(10) ജി.ഒ.(എം.എസ്) നം.339/03/ജിഎഡി, തീയതി 21.11.2003.

(11) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 26.07.2004 തീയതിയിലെ No. SR IV (2) 1107/01/SW നമ്പർ കത്ത്.

(12) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 21.11.2008 തീയതിയിലെ No. SR IV (3) 1241/04/SW നമ്പർ കത്ത്.

## ഇ8 – 16758/18, തീയതി: 04.10.2018

പഞ്ചായത്ത് വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രത്യേക റിക്രൂട്ട്മെന്റ് പ്രകാരം പരാമർശം (4) നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (5) ഉത്തരവനുസരിച്ച് ജോലിയിൽ പ്രവേശിച്ച ശ്രീ.പി.ജെ.ജെയിംസിന് 26.07.2004 തീയതി മുതൽ **Earliest Effective Advice (EEA) അനുവദിച്ച് നൽകി** കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (1) പ്രകാരം തീരുമാനമെടുത്തിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ പ്രവേശന തസ്തികയിലെ സീനിയോറിറ്റി പുന:ക്രമീകരിച്ച് പ്രസിദ്ധീകരിക്കുവാനും ആയതിൻന്റെ അടിസ്ഥാനത്തിൽ തുടർ സീനിയോറിറ്റി/ഗ്രഡേഷൻ പട്ടികകളിൽ ക്രമീകരണം വരുത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാനും പരാമർശം (3) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

പഞ്ചായത്ത് വകുപ്പിൽ വിവിധ അവസരങ്ങളിലായി പ്രത്യേക റിക്രൂട്ട്മെന്റ് പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.പി.ജെ.ജെയിംസ് ഉൾപ്പെടെ 3 പേർ നിലവിൽ വകുപ്പിൽ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ പേരുവിവരവും നിലവിലത്തെ തസ്തികയും ചുവടെ ചേർക്കുന്നു.

(1) ശ്രീ.അജിത്കുമാർ.എം.പി., അഡീഷണൽ ഡയറക്ടർ - നിയമന ശുപാർശ തീയതി 26.07.2004

(2) ശ്രീമതി. ജ്യോത്സന മോൾ, ജോയിന്റ് ഡയറക്ടർ - നിയമന ശുപാർശ തീയതി 21.11.2008

(3) ശ്രീ.പി.ജെ.ജെയിംസ്, ഡെപ്യൂട്ടി ഡയറക്ടർ - നിയമന ശുപാർശ തീയതി 21.12.2012 (Earliest Effective Advice as on 26.07.2004)

പഞ്ചായത്ത് വകുപ്പിൽ പരാമർശം (8), (9) ഉത്തരവുകൾ അടിസ്ഥാനമാക്കി സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രത്യേക നിയമനത്തിനുള്ള രണ്ട് ഒഴിവുകൾ പ്രത്യേകം പ്രത്യേകം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഈ ഓഫീസിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നതും അതിനെതുടർന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ ഉൾപ്പെട്ട വ്യക്തികളായിരുന്നു ശ്രീ. എം.പി അജിത്കുമാറും, ശ്രീ.പി.ജെ.ജെയിംസും. അതിനുശേഷം പരാമർശം (10) അടിസ്ഥാനമാക്കി ഒരു ഒഴിവ് കൂടി സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രത്യേക നിയമനത്തിന് വീണ്ടും റിപ്പോർട്ട് ചെയ്യുകയും അതിലേക്കായി പിന്നീട് പ്രത്യേകം തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്നും നിയമന ശുപാർശ ചെയ്യപ്പെട്ട വ്യക്തിയാണ് ശ്രീമതി.ജ്യോത്സനമോൾ. എന്നാൽ മേൽപറഞ്ഞപ്രകാരം വിവിധ ഘട്ടങ്ങളിലായി 3 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും പരാമർശം (11) പ്രകാരം ശ്രീ.അജിത്കുമാറിനെ നിയമനശുപാർശ ചെയ്തശേഷം ശ്രീമതി.ജ്യോത്സന മോളുടെ നിയമന ശുപാർശയാണ് പരാമർശം (12) പ്രകാരം വകുപ്പിൽ ലഭിച്ചിരുന്നത്. ആയതിനാൽ സീനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ക്രമത്തിൽ ശ്രീ.അജിത്കുമാറിന്റെ പേരിന് ശേഷം മറ്റുള്ളവർക്കൊപ്പം ശ്രീമതി.ജ്യോത്സനാമോൾ ഉൾപ്പെട്ടിരുന്നു. ഇപ്രകാരമുള്ള ഊഴക്രമത്തിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് രണ്ടുപേർക്കും അർഹമായ സ്ഥാനക്കയറ്റങ്ങൾ ലഭിക്കുകയും ശ്രീ.അജിത്കുമാർ നിലവിൽ അഡീഷണൽ ഡയറക്ടർ തസ്തികയിലും ശ്രീമതി.ജ്യോത്സനാമോൾ ജോയിന്റ് ഡയറക്ടർ തസ്തികയിലും വകുപ്പിൽ തുടരുകയാണ്.

പിന്നീട് ശ്രീ.പി.ജെ.ജെയിംസിനെ ആദ്യം പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്നും പരാമർശം (4) പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രത്യേക നിയമനത്തിനായി ശുപാർശ ചെയ്യുകയും പരാമർശം (5) പ്രകാരം നിയമനം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത നിയമന ശുപാർശയിൽ പഞ്ചായത്ത് വകുപ്പിൽ നിന്നും 27.06.2003 തീയതിയിൽ ഒഴിവ് റിപ്പോർട്ട് ചെയ്യപ്പെട്ട വിവരം വ്യക്തമായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിനുശേഷം നിയമനശുപാർശ ചെയ്യുന്നതിലുണ്ടായ കാലതാമസം ചൂണ്ടിക്കാട്ടി ശ്രീ.പി.ജെ.ജെയിംസ് നിരവധി ഹർജികൾ സമർപ്പിക്കുകയും സീനിയർ സൂപ്രണ്ടന്റ് തസ്തികയിലെ അർഹമായ സീനിയോറിറ്റി നൽകണമെന്നും ആവശ്യമുന്നയിച്ചിരുന്നു. വിഷയവുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് മുമ്പാകെ ശ്രീ. പി.ജെ.ജെയിംസ് സമർപ്പിച്ച ഒ.എ. (ഇകെഎം) 43/2017 നമ്പർ ഹർജിയിലെ 11.01.2017 -ലെ ഉത്തരവ് പാലിച്ച് പരാമർശം (6) പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീ.പി.ജെ.ജെയിംസിന്റെ സീനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി 21.12.2012 തീയതി പ്രാബല്യത്തിൽ നിശ്ചയിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയും അപ്രകാരം പ്രവേശന തസ്തികയിലെ സീനിയോറിറ്റി പി.എസ്.സി നിയമന ശുപാർശ തീയതി അടിസ്ഥാനമാക്കി നിശ്ചയിച്ച് പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.ജെ.ജെയിംസിനെ അസിസ്റ്റന്റ് ഡയറക്ടറായും തുടർന്ന് ഡെപ്യൂട്ടി ഡയറക്ടറായും മറ്റുള്ളവർക്കൊപ്പം സ്ഥാനക്കയറ്റം നിയമിച്ചിരുന്നു.

നിയമന ശുപാർശ ചെയ്യുന്നതിൽ ഉണ്ടായ അപാകത ചൂണ്ടിക്കാട്ടി ശ്രീ.ജെയിംസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യണൽ മുമ്പാകെ വീണ്ടും ഫയൽ ചെയ്ത ഹർജിയിന്മേൽ അന്തിമ തീരുമാനമെടുക്കുവാൻ പരാമർശം (2) പ്രകാരം ഉത്തരവാകുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.ജെ.ജെയിംസിന് 26.07.2004 മുതൽ Earliest Effective Advice (EEA) അനുവദിച്ച് നൽകി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനമെടുത്തിട്ടുള്ള വിവരം ഈ ഓഫീസിൽ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ശ്രീ.പി.ജെ.ജെയിംസിന്റെ പ്രവേശന

തസ്തികയായ സീനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പുതുക്കി നിശ്ചയിച്ച Earliest Effective Advice തീയതി അടിസ്ഥാനത്തിൽ പുന:ക്രമീകരിക്കേണ്ടതുണ്ട്.

പഞ്ചായത്ത് വകുപ്പിൽ 17.10.2010 വരെ സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തിക സ്പെഷ്യൽ ഗ്രേഡ് സെക്രട്ടി തസ്തികയുടെ പ്രൊമോഷൻ തസ്തികയായിരുന്നു. സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ സീനിയറായ ഉദ്യോഗസ്ഥർക്ക് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ആയി സ്ഥാനക്കയറ്റം നൽകിയിരുന്നത്. ടി കാലയളവിൽ ഈ രണ്ട് തസ്തിക കളുടെയും ശമ്പള സ്കെയിൽ സമാനമായിരുന്നു. തുടർന്ന് സർക്കാരിന്റെ 18.11.2010 തീയതിയിലെ ജി.ഒ.(എം.എസ്.) 265/2010/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ തസ്തികകളെ ലയിപ്പിച്ച് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ എന്ന് പുനർനാമകരണം ചെയ്യുകയും അതിനുശേഷം സർക്കാരിന്റെ 05.09.2011 തീയതിയിലെ ജി.ഒ.(എം.എസ്.) 206/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക സ്പെഷ്യൽ ഗ്രേഡ് തസ്തികയോട് ലയിപ്പിക്കുകയും തസ്തികയുടെ പേർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ എന്ന വിധത്തിൽ പുന:നാമകരണം ചെയ്തിട്ടുള്ളതുമാണ്.

മേൽപ്പറഞ്ഞ പ്രകാരം സമാന ശമ്പള സ്കെയിലുള്ള തസ്തികകൾ ലയിപ്പിച്ചതിനെതുടർന്ന് ഈ തസ്തികകൾ പരസ്പരം മാറ്റി നിയമിക്കുന്ന ഒറ്റ തസ്തികയായി മാറുകയുണ്ടായി. ആയതിനാൽ 17.10.2010 തീയതി വരെ മാത്രമെ സീനിയർ സൂപ്രണ്ട് തസ്തികയുടെ മാത്രമായിട്ടുള്ള സീനിയോറിറ്റി പട്ടിക വകുപ്പിൽ തയ്യാറാക്കിയിരുന്നുള്ളൂ. അതിനുശേഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ എന്ന വിധത്തിലാണ് സീനിയോറിറ്റി പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പരാമർശം (7) പ്രകാരമാണ് പഞ്ചായത്ത് വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയുടെ മാത്രമായിട്ടുള്ള അന്തിമ സീനിയോറിറ്റി പട്ടിക അവസാനമായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രസ്തുത പട്ടികയിൽ നിയമന ശുപാർശ തീയതി/സ്ഥാനക്കയറ്റ തീയതി എന്നിവ അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരുടെ സീനിയോറിറ്റിക്രമം നിശ്ചയിച്ചിട്ടുള്ളത്. ഈ പട്ടികയിൽ ഉൾപ്പെട്ടവരിൽ ശ്രീ.എം.പി.അജിത്കുമാർ, ശ്രീമതി. ജ്യോത്സനാമോൾ എന്നിവർ സീനിയർ സൂപ്രണ്ടായി നേരിട്ട് നിയമനം ലഭിച്ചവരും, മറ്റുള്ളവർ എല്ലാം സ്ഥാനക്കയറ്റം വഴി സീനിയർ സൂപ്രണ്ട് തസ്തികയിൽ പ്രവേശിച്ചവരും ആയിരുന്നു. ശ്രീ.പി.ജെ.ജെയിംസിന് അനുവദിച്ചു നൽകിയ **Earliest Effective Advice തീയതിയായ 26.07.2004** അടിസ്ഥാന തീയതിയായി കണക്കാക്കി പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവരിൽ ടിയാന്റെ തൊട്ടു സീനിയറായി കണക്കാക്കേണ്ട ശ്രീ.എം.പി.അജിത്കുമാറിന്റെ സ്ഥാനം ക്രമനം.59 ആയി നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീ.പി.ജെ.ജെയിംസിന്റെ സ്ഥാനം മേൽ പരാമർശിച്ച **Earliest Effective Advice തീയതിയായ 26.07.2004** അടിസ്ഥാന തീയതിയായി കണക്കാക്കി ശ്രീ.എം.പി. അജിത്കുമാറിന്റെ തൊട്ടുതാഴെ ക്രമീകരിക്കേണ്ടതുണ്ട്. പ്രസ്തുത പട്ടികയിൽ ശ്രീമതി.ജ്യോത്സനാമോളുടെ സ്ഥാനം ക്രമനം.236 ആയിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതായത് സീനിയർ സൂപ്രണ്ട് തസ്തികയിൽ ശ്രീ.പി.ജെയിംസിന്റെ സ്ഥാനം ശ്രീ.എം.പി.അജിത്കുമാറിനും ശ്രീമതി.ജ്യോത്സനാമോൾക്കും ഇടയക്ക് മറ്റുള്ളവർക്കൊപ്പം പുന:ക്രമീകരിച്ച് ഉൾപ്പെടുത്തേണ്ടതായി കാണുന്നു.

മേൽ വസ്തുതകൾ പരിഗണിച്ച് നിലവിൽ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.പി.ജെ.ജെയിംസിന്റെ പ്രവേശന തസ്തികയായ സീനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി പരാമർശം (1) പ്രകാരം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുള്ള **Earliest Effective Advice**

**തീയതിയായ 26.07.2004** അടിസ്ഥാനമാക്കി പരാമർശം (7) പ്രകാരമുള്ള സീനിയർ സൂപ്രണ്ടുമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ 59A എന്ന വിധത്തിൽ നോഷണലായി പുനർനിശ്ചയിച്ച് ഉത്തരവാകുന്നു.

സീനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി മേൽപ്പറഞ്ഞ പ്രകാരം പുനഃനിർണ്ണയിച്ചതിനെ തുടർന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലും നിലവിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി/ഗ്രഡേഷൻ പട്ടികയിൽ ശ്രീ.പി.ജെ.ജെയിംസിന്റെ സീനിയോറിറ്റിക്രമം അർഹമായ രീതിയിൽ പുനഃക്രമീകരിച്ച് നിശ്ചയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതാണ്.

**(ഒപ്പ്)**
**എച്ച്. ദിനേശൻ ഐ.എ.എസ്.**
**പഞ്ചായത്ത് ഡയറക്ടർ**

**ശ്രീ.പി.ജെ.ജെയിംസ്**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ**
**തൃശ്ശൂർ**

പകർപ്പ് :

1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
3. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

*പിറ്റികെ/ 10/18*